(ഡി) പ്രസ്തുത കെട്ടിടം ജീർണ്ണിച്ചു തുടങ്ങിയതു് റിപ്പയർ ചെയ്യാൻ വേണ്ടി ഒഴിഞ്ഞുകിട്ടണമെന്നു് കെട്ടിടമുടമസ്ഥൻ രേഖാമൂലം ആവശ്യപ്പെട്ടിട്ടു് എത്രമാസമായി;

(ഇ) ഒഴിഞ്ഞുകൊടുക്കാതിരിക്കാൻ കാരണമെന്തു്?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) അമരവിള, ആര്യൻകാവു്, കുമിളി, ചിന്നാർ, ബോഡിമെട്ടു്, വേലന്താവളം, നടപ്പണ്ണി, മീനാക്ഷിപുരം, ഗോവിന്ദപുരം, (മൂവലക്കാപ്പുത്തൂർ) ഗോപാലപുരം, കഞ്ചിക്കോടു്, കാട്ടിക്കുളം, വട്ടവഞ്ചാൽ, വഴിക്കടവു്, കൂട്ടപ്പുഴ, സുൽത്താൻബത്തേരി, പെരളം, അധൂർ എന്നിവിടങ്ങളിൽ ബോർഡർ ചെക്കുപോസ്റ്റുകളും, അത്തൂർ തേവര (പെരുമാന്തൂർ) പൊൻകുന്നം, മംഗലം (വടക്കാഞ്ചേരി) ഫെറുകളും എന്നിവിടങ്ങളിൽ ഇന്റേറണൽ ചെക്കുപോസ്റ്റുകളും സ്ഥാപിച്ചിട്ടുണ്ടു്.

(ബി) അമരവിള, നടപ്പണ്ണി, ഗോവിന്ദപുരം (മൂവലക്കപ്പുത്തൂർ) കഞ്ചിക്കോടു്, വട്ടവഞ്ചാൽ, വഴിക്കടവു്, കൂട്ടപ്പുഴ, സുൽത്താൻബത്തേരി, പെരളം, അധൂർ, മംഗല (വടക്കാഞ്ചേരി) ഫെറുകളും.

(സി) അതേ.

(ഡി) 1964 ജനുവരിമാസത്തിൽ ആവശ്യപ്പെട്ടിട്ടുണ്ടു്.

(ഇ) ഈ കാര്യം റവന്യൂ ബോർഡിന്റെ പരിഗണനയിൽ ഇരിക്കുകയാണു്.

WRITTEN ANSWERS

പഞ്ചായത്തുകൾക്കു് കെട്ടിട നിർമ്മാണത്തിനു് ഗ്രാന്റു്

* 832. [28] ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി കെട്ടിടങ്ങളില്ലാത്ത പഞ്ചായത്തുകൾക്കു് കെട്ടിട നിർമ്മാണത്തിനു് ഗ്രാന്റും ലോണുമായി സഹായം നൽകുന്ന പദ്ധതി നടപ്പിൽ വന്നുകഴിഞ്ഞോ;

(ബി) എന്തു തത്വത്തിന്റെ അടിസ്ഥാനത്തിലാണു് മേൽ സഹായങ്ങൾ നൽകുന്നതു്;

(സി) ഓരോ പഞ്ചായത്തിനും ലോണും ഗ്രാന്റും തുകകൾ കൊടുക്കുവാൻ തീർച്ചപ്പെടുത്തിയ ഏറ്റവും കുറഞ്ഞതും ഏറ്റവും അധികവുമായ സംഖ്യ എത്ര;

(ഡി) ലോൺ എത്രകൊല്ലംകൊണ്ടു് ഏതു പലിശനിരക്കിലാണു് റീഫണ്ടു് ചെയ്യേണ്ടതു്;

(ഇ) ഇതിനെ സംബന്ധിച്ചു് വല്ല വ്യവസ്ഥകളും ഉണ്ടെങ്കിൽ മേശപ്പുറത്തു് വയ്ക്കുവാൻ ദയവുണ്ടാകുമോ;

(എഫു്) 29-2-1964 വരെ എത്ര പഞ്ചായത്തുകൾക്കു് എത്ര സംഖ്യ വീതം ലോണായും ഗ്രാന്റായും കൊടുത്തിട്ടുണ്ടു്;

(ജി) അതിന്റെ ഒരു പട്ടിക മേശപ്പുറത്തു് വയ്ക്കുവാൻ ദയവുണ്ടാകുമോ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ):

(എ) സ്വന്തമായി കെട്ടിടങ്ങളില്ലാത്ത പഞ്ചായത്തുകൾക്കു് കെട്ടിട നിർമ്മാണത്തിനു് ഗ്രാന്റും ലോണുമായി സഹായം നൽകുന്ന പദ്ധതി ഇപ്പോഴും തന്നെ നിലവിലുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഗ്രാൻറും, ലോണും നൽകുന്നതിനുള്ള വ്യവസ്ഥകളുടെ വിശദ വിവരം മേശപ്പുറത്തു് വച്ചിരിക്കുന്നു. *

(സി) ഈ വിഷയത്തിൽ പ്രത്യേകമായ പരിധിയൊന്നും വച്ചിട്ടില്ല. ഈ വകകൾക്കായി കൊള്ളിച്ച തുകയെ ആധാരമാക്കിയും മൊത്തം അപേക്ഷകളുടെ എണ്ണം കണക്കിലെടുത്തും എടുത്ത തുക തിരിച്ചടക്കാനുള്ള പ്രാപ്തി നോക്കിയും ആണു് ലോണും ഗ്രാൻറും അനുവദിച്ചു വരുന്നതു്. ഈ കൊല്ലം ചുരുങ്ങിയ തുക ബിൽഡിംഗ് ഗ്രാൻറ് ഇനത്തിൽ ആയിരവും കൂടിയ തുക രണ്ടായിരവും ആണു് കൊടുത്തിട്ടുള്ളതു്.

(ഡി) തിരിച്ചടയ്ക്കുന്നതിൻറെ അവധി മൊത്തം 60 കൊല്ലത്തിൽ കവിയരുതെന്നാണു് നിയമമുള്ളതു്. എന്നാൽ സാധാരണയായി തുല്യതവണകളിലായി പത്തുകൊല്ലംകൊണ്ടു് ലോൺ അടച്ചു തീർക്കണമെന്നാണു് ഇപ്പോൾ വ്യവസ്ഥചെയ്തിരിക്കുന്നതു്. സാധാരണ പലിശ നിരക്കു് അഞ്ചു ശതമാനവും വീഴ്ചവരുത്തിയ ഗഡുക്കൾക്കു് ഏഴര ശതമാനവുമാണു് നിശ്ചയിച്ചിരിക്കുന്നതു്.

(ഈ) തിരുവിതാംകൂർ–കൊച്ചി പ്രദേശത്തു് ടി. സി. ലോക്കൽ അതോറിറ്റീസ് ലോൺസ് റൂൾസും മലബാർ പ്രദേശത്തെ പഞ്ചായത്തുകൾക്കു് മദ്രാസ് ലോക്കൽ അതോറിറ്റീസ് ലോൺസ് റൂൾസും അനുസരിച്ചാണു് ലോൺകൊടുക്കുന്നതു്. ഇവ യഥാകാലം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്.

(എഫ്, ജി) വിശദവിവരങ്ങൾ അടങ്ങിയ ലിസ്റ്റ് മേശപ്പുറത്തു് വച്ചിരിക്കുന്നു. *

ജൂനിയർ ടെക്നിക്കൽസ്കൂൾ വിദ്യാർത്ഥികളുടെ പണിമുടക്കു്.

* 833. [29] ശ്രീ. എം. എ. ആൻറണി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ജൂനിയർ ടെക്നിക്കൽ സ്കൂൾ വിദ്യാർത്ഥികൾ പഠിപ്പു് മുടക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥലങ്ങളിൽ ;

(സി) ഏതെല്ലാം കാര്യങ്ങൾക്കു് വേണ്ടിയാണു് അവർ സ്ട്രൈക്കു് നടത്തിയതു് ;

(ഡി) ഗവണ്മെൻറ് അതിനെ സംബന്ധിച്ചു് എന്തു തീരുമാനമാണു് കൈക്കൊണ്ടതു് ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) ഉണ്ടായിരുന്നു.

(ബി) സ്ഥലങ്ങളുടെ പേരുകൾ കാണിക്കുന്ന സ്റ്റേറ്റുമെൻറ് മേശപ്പുറത്തു വച്ചിട്ടുണ്ടു്. *

(സി, ഡി) വിദ്യാർത്ഥി യൂണിയൻ ഉന്നയിച്ച ആവശ്യങ്ങളുടേയും അവയിന്മേൽ ഗവണ്മെൻറ് എടുത്തിട്ടുള്ള നടപടികളുടേയും വിവരങ്ങൾ അടങ്ങിയ മറെറാരു സ്റ്റേറ്റുമെൻറും മേശപ്പുറത്തു് വച്ചിട്ടുണ്ടു്. †

പ്രീ യൂണിവേഴ്സിറ്റി കോഴ്സു്

* 834. [34] ശ്രീ. കെ. ഹസ്സൻഗനി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രത്തിൻറെ മാതൃകയനുസരിച്ചു് സെക്കണ്ടറി വിദ്യാഭ്യാസത്തിനുള്ള വർഷങ്ങൾ ദീർഘി

† Appendix VI

LIBRARY ARCHIVES Kerala Legislative Assembly

APPENDIX V

[*Please see Answer to starred question No.* 832 (28) *dated* 20-3-1964.]

I. *Grants*: Grants are given subject to the following conditions being satisfied.

1. The Panchayat should not have its own building to hold Office.
2. It should have sufficient land of its own for constructing the building.
3. It should be in a position to meet out of its own fund the additional expenditure for the construction of the building.
4. There should be actual necessity for monetary assistance from Government.
5. The estimates and plans for the proposed building should be prepared and got approved by the competent authority in the Public Works Department.
6. It should be in a position to utilise the amount of grant within one year of the drawal of the amount and the utilisation certificate should be furnished by the Panchayat.

II. *Loans*: Loans are given only to those Panchayats who apply for it in accordance with the Local Authorities Loans Rules and whose financial position is sound enough to repay the loan to Government.

1. *Grants* to 24 Panchayats at the rate of Rs. 2,000 an to 2 Panchayats at the rate of Rs. 1,000 have been sanctioned during 1963-64 till 29-2-1964.
2. *Loans*: A loan of Rs. 95,000 has been sanctioned to 9 Panchayats during 1963-64 till 29-2-1964 for the construction of Office Buildings.

(*i*) *Grants sanctioned*

	Name of Panchayat	*Amount sanctioned*
1	Cherunniyoor	2,000
2	Perumpazhathur	2,000
3	Krishnapuram	2,000
4	Thenmala	1,000
5	Aryad	2,000
6	Panavally	2,000
7	Kanjikuzhy	2,000
8	Marayoor	2,000
9	Vettavada	2,000
10	Thekkoy	1,000
11	Vyttila	2,000
12	Kunnukara	2,000
13	Koratty	2,000
14	Kondazhy	2,000
15	Elavalli	2,000

LIBRARY ARCHIVES Kerala Legislative Assembly

	Name of panchayat	*Amount sanctioned*
16	Thavannur	2,000
17	Mankada	2,000
18	Keezhattur	2,000
19	Chathamangalam	2,000
20	Feroke	2,002
21	Munniyoor	2,000
22	Nanminda	2,000
23	Thirunelly	2,000
24	Kadanapally Panappuzha	2,000
25	Pinarayi	2,000
26	Pallikkara	2,000
	Total	50,000

(ii) *Loans Sanctioned.*

1	Ezhome	15,000
2	Kozhimukku	15,000
3	Thirunelly	14,000
4	Kilimanoor	5,000
5	Kanjikuzhy	10,000
6	Mylapra	10,000
7	Cherunniyur	7,000
8	Poonjar Thekkakara	6,500
9	Kottiyeri	12,500
	Total	95,000

LIBRARY ARCHIVES Kerala Legislative Assembly